## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.290 — 04.06.2018 ൽ മറുപടിക്ക്

### ആർദ്രം പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, ഡി.കെ. മുരളി<br>,, പുരുഷൻ കടലുണ്ടി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളെ ശാക്തീകരിച്ചുകൊണ്ടുള്ള ആർദ്രം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) & (ബി) | സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനുമായി ആവിഷ്കരിച്ച 'ആർദ്രം' പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്. ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 139 കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 22 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ വകുപ്പിന്റെ 2017-18-ലെ പ്ലാൻ ഫണ്ടിൽ 23 കോടി രൂപ വകയിരുത്തിയിരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെ മാനദണ്ഡമാക്കിക്കൊണ്ട് തെരെഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നാഷണൽ ഹെൽത്ത് മിഷന്റെ എഞ്ചിനിയറിംഗ് വിഭാഗം ഗ്യാപ് അനാലിസിസ് നടത്തുകയും അടിസ്ഥാനസൗകര്യ വികസനത്തിനുള്ള റിപ്പോർട്ടും തയ്യാറാക്കുകയുമുണ്ടായി. ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിനായി എച്ച്.എൽ.എൽ., ജില്ലാ നിർമ്മിതി കേന്ദ്രം, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്നീ ഏജൻസികൾ വഴി നിർമ്മാണ പ്രവർത്തനങ്ങൾ 14 ജില്ലകളിലും നടന്നു വരുന്നു. സംസ്ഥാന പ്ലാൻ ഫണ്ട് വഴി ലഭ്യമായ 5 കോടി രൂപ ചെലവഴിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡുവിഭാഗം ജീവനക്കാർക്ക് നൽകിയിട്ടുള്ള ടാബലെറ്റ്, കമ്പ്യൂട്ടറുകൾ വഴി ഗർഭിണികളുടെ രജിസ്ട്രേഷൻ, പ്രതിരോധ കത്തിവെയ്പ്പ് എന്നിവയുടെ മോഡ്യൂളുകളും, ജീവിതശൈലീ |
| (ബി) | ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | രോഗ മോഡ്യൂളുകളും ഉപയോഗിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. മറ്റ് വിവിധ മോഡ്യൂളുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നു വരുന്നു.<br><br>2018-19-ലേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തേണ്ട 500 കേന്ദ്രങ്ങളുടെ കരട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ഗ്യാപ് അനാലിസിസ് നാഷണൽ ഹെൽത്ത് മിഷന്റെ എഞ്ചിനിയറിംഗ് വിഭാഗം നടത്തി വരികയാണ്. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കാനുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ഗ്യാപ് അനാലിസിസ് നടപടികൾ പുരോഗമിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കാൻ 28.55 കോടിയും ലാബ് സജ്ജമാക്കാൻ 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രപ്പോസലുകൾ തയ്യാറാക്കി വരികയാണ്. |
| (സി) | വിവിധ തലങ്ങളിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം അവയെ രോഗീ സൗഹൃദമാക്കിത്തീർക്കുന്നതിനും ആവശ്യത്തിന് മെഡിക്കൽ,പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനും അവരിൽ നിന്ന് ഉചിതമായ സേവനം രോഗികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ? | (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനും അവയെ രോഗീസൗഹൃദമാക്കി തീർക്കുന്നതിനും ആവശ്യത്തിന് മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇതിനായി തെരെഞ്ഞെടുക്കപ്പെട്ട ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഡോക്ടർ, 2 സ്റ്റാഫ് നേഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിങ്ങനെയും ഒ.പി.കൂടുതലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 1 ഫാർമസിസ്റ്റ് എന്ന കണക്കിലും ആകെ 170 ഡോക്ടർമാർ, 340 സ്റ്റാഫ് നേഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ് (ഒ.പി.കൂടുതലുള്ള 150 ഇടങ്ങളിലായി) എന്നിവരുടെ തസ്തിക സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ